# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2803 — 20.07.2011-ൽ മറുപടിക്ക്

### തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ലോകബാങ്കിൽ നിന്നും എടുത്ത വായ്പ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി:<br>ശ്രീ. പി. ഉബൈദുള്ള:<br>ശ്രീ.പി.കെ. ബഷീർ:<br>ശ്രീ.എൻ. ഷംസുദ്ദീൻ: | | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | ലോകബാങ്കിൽ നിന്നും വായ്പയായി ലഭിക്കുന്ന പണത്തിന്റെ വിനിയോഗത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; | (ബി) | നിശ്ചയിച്ചിട്ടുണ്ട്. |
| (സി) | കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ പ്രവർത്തനവും, പുരോഗതിയും, ഫലവും നിരീക്ഷിക്കാനും മാർഗ്ഗ നിർദ്ദേശം നൽകാനും എന്തെല്ലാം സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പ്രോജക്ടിന്റെ പ്രവർത്തനവും, പുരോഗതിയും, ഫലവും നിരീക്ഷിക്കാൻ ഒരു പെർഫോമൻസ് മോണിറ്ററിംഗ് ആന്റ് ഇവാല്യുവേഷൻ സമ്പ്രദായം ഏർപ്പെടുത്തുന്നതിനും അതിന്റെ കണ്ടെത്തലുകളുടെയും വിലയിരുത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രോജക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കാനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

### ധനവിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

പെർഫോമൻസ് ഗ്രാന്റ്, കാര്യശേഷി വർദ്ധിപ്പിക്കൽ, വിവരശേഖരം തയ്യാറാക്കൽ പദ്ധതി നടത്തിപ്പ് എന്നീ നാലു ഘടകങ്ങൾ അടങ്ങുന്ന കെ.എൽ.ജി.എസ്.ഡി. പ്രോജക്ടിന്റെ ധനവിനിയോഗ **മാർഗ്ഗനിർദ്ദേശങ്ങൾ** സംക്ഷിപ്തമായി താഴെ ചേർത്തിരിക്കുന്നു.

**<u>ഘടകം 1 - പെർഫോമൻസ് ഗ്രാന്റ്</u> -** ഈ ഘടകത്തിനുള്ള ധനം ഗ്രാമപഞ്ചായത്തുകളുടേയും **മുനിസിപ്പാലിറ്റികളുടേയും** സേവന പ്രദാനം **മെച്ചപ്പെടുത്താനുതകുന്ന ആസ്തികളുടെ രൂപീകരണത്തിനും പരിപാലനത്തിനുമാണ് വിനിയോഗിക്കേണ്ടത്.** പ്രസ്തുത ധനം നിലവിൽ എസ്.എഫ്.സി ഗ്രാന്റ് അനുവദിച്ചുവരുന്ന മാനദണ്ഡപ്രകാരമാണ് ലഭ്യമാക്കുക. കുറ്റമറ്റ ആഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ള മേരപ്പറഞ്ഞ എല്ലാ സ്ഥാപനങ്ങൾക്കും ആദ്യവർഷത്തിൽ ലഭ്യമാക്കുന്ന ഗ്രാന്റ് തുടർന്നുള്ള വർഷങ്ങളിൽ ധനവിനിയോഗത്തിലുള്ള കാര്യക്ഷമതയുൾപ്പെടെയുള്ള ചില സൂചികകളുടെ അടിസ്ഥാനത്തിലായിരിക്കും തുടർന്നുള്ള മൂന്നു വർഷങ്ങളിലും ലഭ്യമാകുന്നത്. ഈ ധനവിനിയോഗത്തിന് Sectoral Ceiling ബാധകമായിരിക്കുകയില്ല. സ്ഥാപനങ്ങൾക്ക് ലഭിച്ചുവരുന്ന SFC ഗ്രാന്റിന് പുറമെ അധിക ധനസഹായമാണ് ഈ പെർഫോമൻസ് ഗ്രാന്റ്. **സാമ്പത്തികവർഷാവസാനം ലാപ്സാവാത്ത ഈ ഗ്രാന്റിന്റെ പദ്ധതി അവസാനിക്കുന്ന വർഷാവസാനം ബാക്കി വരുന്ന തുക തിരിച്ചടക്കേണ്ടതായി വരുന്നതാണ്.**

**<u>മറ്റ് മൂന്നു ഘടകങ്ങൾ</u>** - കാര്യശേഷി വികസനം തുടങ്ങിയ മറ്റു മൂന്ന് പദ്ധതി ഘടകങ്ങൾക്കുള്ള തുക പദ്ധതി നിർവ്വഹണ യൂണിറ്റായ Project Management Unit(PMU) വഴി നിർവ്വഹണ സഹായ സ്ഥാപനങ്ങളായ KILA,SIRD,IKM,GIFT എന്നീ സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതി സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം നൽകുകയും അവയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രസ്തുത സ്ഥാപനങ്ങൾ PMU-ന് നൽകുകയും ചെയ്യേണ്ടതുമാണ്.